# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 637 — 02.12.2014 ൽ മറുപടിയ്ക്ക്

### വ്യവസായ വകുപ്പിൽ ഐ.ഇ.ഒ. സീനിയർ കോ-ഇൻസ്പെക്ടർ, ജൂനിയർ ഇൻസ്പെക്ടർ തസ്തികകളിലെ റിവർഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ. സി.രവീന്ദ്രനാഥ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | വ്യവസായ വകുപ്പിൽ ഐ ഇ ഒ, സീനിയർ കോ-ഇൻസ്പെക്ടർ, ജൂനിയർ ഇൻസ്പെക്ടർ തസ്തികകളിൽ റിവർഷൻ ഉണ്ടായിട്ടുണ്ടോയെന്ന് പറയാമോ; | (എ) | വ്യവസായ വാണിജ്യ വകുപ്പിൽ വ്യവസായ വികസന ഓഫീസർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ റിവർഷൻ ഉണ്ടായിട്ടുണ്ട്. |
| (ബി) | എന്തുകൊണ്ടാണ് റിവർഷൻ ഉണ്ടായെന്നും എത്ര പേർക്കാണ് റിവർഷൻ ഉണ്ടായെന്നും വിശദമാക്കാമോ? | (ബി) | വ്യവസായ വാണിജ്യ വകുപ്പിൽ നിലവിൽ ഉള്ള വ്യവസായ വികസന ഓഫീസർ തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ട് നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിന് കാലതാമസം നേരിട്ടതിനാൽ ടി ഒഴിവുകളിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് താൽക്കാലിക പ്രമോഷൻ നൽകി നിയമിക്കുകയുണ്ടായി.<br>പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനം നടക്കുമ്പോൾ റിവർഷൻ നൽകുന്നതാണ് എന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥാനക്കയറ്റം നൽകിയിരുന്നത്. പ്രസ്തുത പ്രൊമോഷന് അനുസൃതമായി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും മേൽപ്പറഞ്ഞ നിബന്ധനയിൽ താൽക്കാലിക പ്രമോഷൻ നടത്തിയിരുന്നു. വ്യവസായ വികസന ഓഫീസർ |

| | | | |
|---|---|---|---|
| | | | തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ ചെയ്ത 44 പേരിൽ 40 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തദവസരത്തിൽ മറ്റ ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാൽ താൽക്കാലിക പ്രമോഷൻ നൽകിയിരുന്ന ജൂനിയറായ വ്യവസായ വികസന ഓഫീസർമാരെ റിവർട്ട് ചെയ്യുകയുണ്ടായി. ഇതിനനുസൃതമായി സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികകളിലും റിവർഷൻ നടത്തുകയുണ്ടായി.<br><br>ഇപ്രകാരം വ്യവസായ വികസന ഓഫീസർ തസ്തികയിൽ 22, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 14, ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 12 എന്നിങ്ങനെ റിവർഷൻ നടത്തുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**